## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4177

### 13.12.2018 ൽ മറുപടി നൽകേണ്ടത്

### അർഹരായവർക്ക് മാത്രം സാമൂഹ്യ സുരക്ഷ പെൻഷൻ

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷ പെൻഷനുകൾ അർഹരായവർക്ക് മാത്രമെ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായവർക്ക് മാത്രം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിലേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമേ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ എന്നും ഇതിന് വിരുദ്ധമായി അനർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കപ്പെടുകയാണെങ്കിൽ അത്തരത്തിൽ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ബാധ്യസ്ഥരായിരിക്കുമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെട്ട വ്യക്തികളുടെ മരണവിവരം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്യാതെ അവരുടെ പെൻഷൻ അനന്തരാവകാശികൾ തട്ടിയെടുക്കുന്നത് തടയുന്നതിലേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ |

| | | |
|---|---|---|
| | | ഗുണഭോക്താവ് മരണപ്പെട്ട വിവരം റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യാനും ഇത്തരത്തിൽ മരണപ്പെട്ട ശേഷവും അനന്തരാവകാശികൾ വാങ്ങിയ തുക തിരികെ സർക്കാരിൽ മുതൽക്കൂട്ടുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സിവിൽ രജിസ്ട്രേഷൻ ഡേറ്റാ ബേസുമായി ഒത്തുനോക്കി മരണപ്പെട്ട വ്യക്തികളെ പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമായ ക്രമീകരണങ്ങൾ സേവന സോഫ്റ്റ്വെയറിൽ ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഡേറ്റാ ബേസുമായി ഒത്ത് നോക്കി 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത 4 ഉം അതിന് മുകളിലും ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസിഡർ ഒഴികെ) സ്വന്തം പേരിൽ ഉള്ളവരെ ഒഴിവാക്കാൻ നടപടി സ്വീകരിച്ച് വരുന്നു. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയാണ് ഇതിനുള്ള ഉത്തരവാദിത്തപ്പെട്ട അധികാരി. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ; | ഉണ്ട്. നിലവിൽ ഈ പദ്ധതിയെ കുറിച്ച് ഗുണഭോക്താക്കളിൽ നിന്നും അക്ഷേപങ്ങൾ ഉയർന്നിട്ടില്ല. എന്നാൽ ശ്രീ പി എം എ ജലീൽ എന്ന വ്യക്തി ഇതിനെതിരെ ബഹു ലോകായുക്തയിൽ ഒരു ഹർജി നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിന് അധികമായി എന്ത് ബാധ്യത ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ ? | സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരു ഗുണഭോക്താവിന്റെ വീട്ടിൽ കൊണ്ട് ചെന്ന് എത്തിക്കുന്നതിന് പ്രാഥമിക സഹകരണ സംഘത്തിന് 50 രൂപ നൽകുന്നു. ഇതിൽ |

| | | |
|---|---|---|
| | | 40 രൂപ വിതരണം ചെയ്യുന്ന ഏജൻസിനും 10 രൂപ സഹകരണ സംഘത്തിനും ലഭിക്കുന്നതാണ്. 2018 ഏപ്രിൽ മാസത്തിൽ വിഷുവിനോടനുബന്ധിച്ച് വിതരണം ചെയ്ത 4 മാസത്തെ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ച ഇനത്തിൽ 9.34 കോടി രൂപ ചെലവായിട്ടുണ്ട്. മണി ഓർഡർ ആയി പെൻഷൻ അയക്കുന്നതിന് 5% ആണ് മണി ഓർഡർ കമ്മീഷൻ. ഒരു തവണ പെൻഷനായി എത്ര രൂപ അയച്ചാലും ഒരു പെൻഷണർക്ക് 50 രൂപ നിരക്കിലാണ് ഇപ്പോഴത്തെ സംവിധാനത്തിൽ നൽകുന്നത്.മണി ഓർഡർ കമ്മീഷനെ അപേക്ഷിച്ച് ചെലവ് ഗണ്യമായി കുറയുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ